TB Movie Panel Weekly Review

**#MoviePanel**

ഡിയർ ഫ്രണ്ട്

എഴുതിയത് : jithin Sreedhar

ഈ അടുത്തിടെ വായിച്ച ഫേസ്ബുക്ക് കുറിപ്പുകളിൽ ഒന്നിൽ,എന്നെ ഒരു നിമിഷത്തേക്ക് എങ്കിലും ശ്വാസം മുട്ടിച്ച, നൊമ്പരം കൊള്ളിച്ച ഒരു ജീവിതാവസ്ഥയുണ്ട്. നമുക്ക് വേണ്ടപ്പെട്ട ആൾ നമ്മളെ വിട്ടു പോയി എന്ന് തിരിച്ചറിഞ്ഞു നിൽക്കുന്ന നേരം ഒരു ചോദ്യം കേൾക്കേണ്ടി വരുന്നു. "നിനക്ക് ശരിക്കും അറിയുമായിരുന്നോ അയാളെ? "എന്ന്!

അത്തരം ഒരു ചോദ്യത്തിന് നമ്മൾ അറിയാത്ത ഉത്തരങ്ങൾ ലഭിച്ചാൽ, ഇന്നലെ വരെ കൂടെ ഉണ്ടായിരുന്ന ആൾ ഒരു നിമിഷം മുതൽ കാണാതെ ആകുമ്പോൾ, അല്ലെങ്കിൽ ഇല്ലാതെ ആകുമ്പോൾ അനുഭവപ്പെടുന്ന ശൂന്യതയെക്കാളും അത് നമ്മളെ പിടിച്ചുലക്കും! അവിടെ നമുക്ക് നഷ്ടമാകുന്നത് അത്രയും നാൾ കൂടെ ഉണ്ടായിരുന്ന ഒരു മനുഷ്യനെ മാത്രമല്ല, നമ്മളെ തന്നെയാണ്!

നടനും, സംവിധായകനും ആയ വിനീത് കുമാറിന്റെ രണ്ടാമത്തെ സംവിധാന സംരംഭമായ, കഴിഞ്ഞ ദിവസം netflixil ഇറങ്ങിയ ഡിയർ ഫ്രണ്ടിനെ കുറിച്ചാണ് പറഞ്ഞു വരുന്നത്. മേൽ പറഞ്ഞ വികാരപരമായ അവസ്ഥയിലൂടെ കടന്ന് പോകുന്ന, അല്ലെങ്കിൽ അതിലൂടെ കടന്ന് പോകാൻ നിർബന്ധിതരാകുന്ന കുറച്ചു കൂട്ടുകാരുടെ കഥയാണ് സിനിമ പറയുന്നത്.

വിനോദിന്റെ ബിർത്തഡേ സെലിബ്രേഷനും അതേ തുടർന്ന് ഉണ്ടാകുന്ന കോലാഹലങ്ങളുമായാണ് സിനിമ തുടങ്ങുന്നത്. ജന്നത്തും, അർജ്ജുനും, സജിത്തും, ശ്യാമും, അമുദയും ചേരുന്ന അവരുടെ ലോകത്തേക്ക് പ്രേക്ഷകനെ ആകർഷിക്കും വിധം, ചിത്രത്തിന്റെ ആദ്യ പകുതി മനോഹരമായി, അത്യാവശ്യം ചിരിക്കാൻ വക നൽകി, കളർ ഫുൾ ആയി തന്നെ ആണ് ഒരുക്കിയിരിക്കുന്നത്. പരസ്പരം കളിയാക്കുന്ന, "prank" ചെയ്യുന്ന ഒരു അടിപൊളി അർബൻ ലൈഫ്! എന്നാൽ, ഒരു ഘട്ടത്തിൽ ഉണ്ടാകുന്ന ഒരു സംഭവം, നേരത്തെ പറഞ്ഞത് പോലെ ആ കൂട്ടുകർക്കിടയിൽ ഉള്ള ഒരു "prank" എന്നും, അല്ല യഥാർത്ഥ അപകടം എന്നും പ്രേക്ഷകനെ കുഴപ്പിക്കും വിധം, അത്യാവശ്യം ഉദ്വേഗജനകമായ ഒരു രണ്ടാം പകുതിയിലേക്ക് ചിത്രം പ്രവേശിക്കുന്നു. കണ്ടു തഴമ്പിച്ച ക്ലൈമാക്സുകൾ പകരം, വ്യത്യസ്തമായ ഒരു അവസാനവും! കൂടുതൽ കഥ പറയുന്നത് ശരിയല്ലെന്നറിയുന്നത് കൊണ്ട് ആ ഭാഗം ഇത്രയും പറഞ്ഞു നിർത്തുന്നു.

മുൻ തലമുറയിലെ 'യുവാക്കൾ' ഡിജിറ്റൽ സാങ്കേതങ്ങൾ ഉപയോഗിച്ചാണ് സിനിമ എടുക്കുന്നത് എങ്കിലും, അവരുടെ ലാവണ്യഭാവനകളുടെ വേരുകളും പ്രചോദനങ്ങളും അനലോഗ് യുഗത്തിന്റെത് ആയിരുന്നു അല്ലെങ്കിൽ ആണ്; എന്നൊരു അഭിപ്രായം ഈ ഇടെ വായിക്കുകയുണ്ടായി. അതിനെ അക്ഷരം പ്രതി ശരിയെന്നു ഉറപ്പിക്കുന്ന ഒരു സിനിമ, എന്ന് വേണമെങ്കിൽ പറയാം. പത്മരാജന്റെ നൊമ്പരങ്ങളും, ജോൺസൻ മാഷിന്റെ നനുത്ത

ഊണങ്ങളും, പ്രിയദർശന്റെ കളർ ഫുൾ ഫ്രെയിംസും ഒരേ സമയം സ്വാധീനിച്ചിട്ടുണ്ടാകും വിനീതിനെയും ഇതിന്റെ തിരക്കഥാകൃത്തക്കളെയും! കുറ്റം പറയാൻ ഒക്കില്ലല്ലോ, കാരണം, ആ മോഹ വലയങ്ങളിൽ പെടാത്തൊരു സിനിമ പ്രേമി, മേൽ പറഞ്ഞ കാറ്റഗറിയിൽ കേരളത്തിൽ ഉണ്ടാകില്ല എന്നത് തന്നെ!

സിനിമയുടെ പിന്നാമ്പുറത്ത് ആരൊക്കെ, മുൻ നിരയിൽ ആരോക്കെ എന്നതെല്ലാം സിനിമയുടെ തുടക്കത്തിൽ എഴുതി കാണിക്കുന്നുണ്ട്. താൽപ്പര്യം ഉള്ളവർക്ക് വായിച്ചു നോക്കാം, അല്ലാത്തവർക്ക് അത് ഓടിച്ചു വിടുകയും ആകാം. പക്ഷേ, സിനിമ നിങ്ങൾ ഉൾക്കൊണ്ട് കഴിഞ്ഞാൽ, ഈ സിനിമയിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെ , അവ ആരൊക്കെ ചെയ്തു എന്നത് ഒന്ന് തിരിഞ്ഞു നോക്കുക. കഴിയുമെങ്കിൽ, ഇവിടെ അടയാളപെടുത്തുക!

എന്ന് ,

ഡിയർ ഫ്രണ്ട്!

Nb:- ആറ് സുഹൃത്തുക്കളുടെ കഥയും അവർക്കിടയിൽ നടക്കുന്ന സംഭവങ്ങളും പറഞ്ഞ് ജൂൺ പത്തിന് തിയേറ്ററുകളിൽ എത്തിയ ചിത്രമായിരുന്നു 'ഡിയർ ഫ്രണ്ട്'. എന്നാൽ, ജൂലൈ 10ന് netflix റിലീസ് ആയതിന് ശേഷം ആണ് ചിത്രം ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത്